Draft #7 of File 21191/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Jul-2020 08:35 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2020 അദ്ധ്യയന വർഷം - സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിലെ തീരുമാനങ്ങളും ശിപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3517/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.08.2020

---

*പരാമർശം:*-(1) സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 28.07.2020, 03.30 പി. എം- ന് വൈസ് ചാൻസലറുടെ കോൺഫെറൻസ് ഹാളിൽ ബഹു: വൈസ് ചാൻസലർ വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠന വകുപ്പുകളിലേയും ഇൻറ്റർ സ്കൂൾ സെൻറ്ററിലേയും 2020 വർഷത്തെ പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 28.07.2020-ൽ ബഹു. വൈസ് ചാൻസലർ വിളിച്ചുചേർത്ത യോഗത്തിൽ, മേൽ പരാമർശ പ്രകാരം, താഴെ പറയുന്ന ശിപർശകളും, തീരുമാനങ്ങളും കൈക്കൊണ്ടു.

1. കോവിഡ് 19 വ്യാപനത്തിനിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും പി.ജി പ്രവേശനത്തിനായി നടത്തുവാൻ നിശ്ചയിച്ചിരുന്ന പൊതു പ്രവേശന പരീക്ഷ (CAT), 2020 ലെ അഡ്മിഷന് ഒഴിവാക്കുവാനും, പ്രവേശനം യോഗ്യതാ പരീക്ഷയുടെ മാർക്കിൻറെ മാനദണ്ഡത്തിൽ നടത്തുവാനും ശിപാർശ ചെയ്തു

2. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിലെ MPES പ്രോഗ്രാമിലേയ്ക്കും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ MA Social Work in Disability Studies and Action എന്ന പ്രോഗ്രാമിലേയ്ക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെ മാർക്കിനൊപ്പം പ്രോസ്പെക്ടസിൽ ചേർത്തിട്ടുള്ള പ്രകാരം ഇൻറ്റർവ്യൂവിലെ മികവ്/ഫിസിക്കൽ ഫിറ്റ്നസ് പരിശോധന/ മറ്റു സർട്ടിഫിക്കറ്റുകൾക്കുള്ള വെയിറ്റേജ് എന്നിവ കൂടി ചേർത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും മറ്റു പഠന വകുപ്പുകളിൽ ഇൻറ്റർവ്യൂ/എഴുത്തുപരീക്ഷാ/ഗ്രൂപ്പ് ഡിസ്കഷൻ എന്നിവ ഒഴിവാക്കുവാനും ശിപാർശ ചെയ്യുന്നു.

Draft #7 of File 21191/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Jul-2020 08:35 PM - Page 2

3. CAT 2020 ന് അപേക്ഷ സമർപ്പിച്ചവരിൽ കോവിഡ് 19 വ്യാപനം മൂലമുള്ള സാഹചര്യങ്ങളാൽ യോഗ്യതാ പരീക്ഷ (Qualifying Exam) എഴുതാൻ സാധിക്കാതെ വരികയും തൻമൂലം മാർക്കിൻറെ അടിസ്ഥാനത്തിലുള്ള പ്രവേശന നടപടികളിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾ പിന്നീട് പരീക്ഷ വിജയിച്ച് അഡ്മിഷന് യോഗ്യരാവുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനമാക്കി അർഹമായ സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്ന വിധം അഡ്മിഷന് പരിഗണിക്കേണ്ടതാണെന്നും അതിനാവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്തു.

4. CAT 2020 ന് അപേക്ഷാ സമർപ്പിക്കുന്നതിനായി മതിയായ സമയം അനുവദിക്കുകയും അതോടൊപ്പം പല പ്രാവശ്യം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടി നൽകിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഇനി പുതുതായി അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

5. കോവിഡ് 19 വ്യാപനത്തിനിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കും ഇൻറ്റർ സ്കൂൾ സെൻററിലേക്കും പി.ജി പ്രവേശനം യോഗ്യത മാർക്കിൻറെ മാനദണ്ഡത്തിൽ നടത്തുന്നതിനും മുഴുവൻ പ്രവേശന നടപടികളും ഓൺലൈൻ ആക്കുന്നതിനും വേണ്ട സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കുന്നതിന് തീരുമാനിച്ചു.

6. വിവിധ പഠന വകുപ്പുകളിലെ പ്രോഗ്രാമുകളിലേക്ക് യോഗ്യത മാർക്കിൻറെ മാനദണ്ഡത്തിൽ നടത്തുന്ന പ്രവേശനത്തിനായി ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി സംബന്ധിച്ച് എല്ലാ വകുപ്പ് മേധാവിമാരുടെയും അഭിപ്രായം ആരായാൻ തീരുമാനിച്ചു.

7. യോഗ്യതാ പരീക്ഷയുടെ മാർക്കും ആവശ്യമായ മറ്റ് വിവരങ്ങളും സർവ്വകലാശാല നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ നൽകാത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുവാൻ തീരുമാനിച്ചു.

8. കേരളത്തിന് വെളിയിലുള്ള പരീക്ഷാ കേന്ദ്രങ്ങൾ റദ്ദാക്കിയതിനെതുടർന്ന് പ്രസ്തുത പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിരുന്ന ചില അപേക്ഷകർ രജിസ്ട്രേഷൻ ഫീസ് തിരികെ ആവശ്യപ്പെട്ടിരുന്നു, അപ്രകാരം അപേക്ഷ നൽകിയവർക്ക് യോഗ്യത പരീക്ഷ (Qualifying Exam) യുടെ മാർക്കിൻറെ അടിസ്ഥാനത്തിനുള്ള പ്രവേശന പ്രക്രിയയിൽ പരിഗണിക്കപ്പെടുവാൻ താൽപര്യമുണ്ടെങ്കിൽ അവർക്ക് അവസരം നൽകുവാൻ തീരുമാനിച്ചു.

പ്രസ്തുത യോഗത്തിൻറ്റെ (1) മുതൽ (3) വരെയുള്ള മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചു. കൂടാതെ ടി യോഗത്തിൽ കൈകൊണ്ട (4) മുതൽ (8) വരെയുള്ള മേൽ തീരുമാനങ്ങളും ബഹു. വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും / CAT മോണിറ്ററിങ് സമിതി അംഗങ്ങൾക്കും

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെയും , പരീക്ഷാ കൺട്രോളറുടെയും പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് ),

(6) CITAD സെക്ഷൻ (ഉത്തരവ് നമ്പർ 5 അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി)

(7) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File 21191/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Jul-2020 08:35 PM - Page 3